ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസും ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച്ച നടത്തും.

   **Prime Minister Narendra Modi and Philippine President Ferdinand Marcos will meet in New Delhi today.**

2. റഷ്യൻ എണ്ണ ഇറക്കുമതിയിൽ യുഎസ്-യൂറോപ്യൻ യൂണിയൻ വാദങ്ങൾ തള്ളി ഇന്ത്യ; ദേശീയ താത്പര്യങ്ങളും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നതിന് മുൻഗണനയെന്നും വിദേശകാര്യമന്ത്രാലയം.

   **India rejects US-EU claims on Russian oil imports; The Ministry of External Affairs says priority is to ensure national interests and economic security.**

3. ലോകത്തിലെ ഏറ്റവും വലിയ അഞ്ചാമത്തെ വ്യോമയാന വിപണിയായി മാറി ഇന്ത്യ ; -പ്രതിവർഷം ഉപയോഗിക്കുന്നത് 24 കോടിയിലധികം യാത്രികർ.

   **India has become the world's fifth largest aviation market; More than 240 million passengers use it annually.**

4. NDA പാർലമെന്ററി പാർട്ടി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും ; പ്രധാനമന്ത്രി യോഗത്തെ അഭിസംബോധന ചെയ്യും.

   **NDA Parliamentary Party meeting to be held in New Delhi today; Prime Minister to address the meeting.**

5. സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു ; എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ചുവപ്പ് ജാഗ്രത ; **കേരളതീരത്ത്** മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rain continues in the state; Red alert in Ernakulam, Idukki and Thrissur districts; Fishing banned off Kerala coast.**

6. ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റ് പരമ്പര സമനിലയിൽ; ഉജ്ജ്വലപ്രകടനവുമായി ഇന്ത്യൻ പേസർ **മുഹമ്മദ്** സിറാജ് .

**Anderson-Tendulkar Trophy cricket Test series drawn; Brilliant performance by Indian pacer Mohammed Siraj.**

*******************************

## PM-PHILIPPINE PREZ TALKS .. INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടക്കും. അഞ്ച് ദിവസത്തെ സന്ദർശനത്തിനായാണ് മാർക്കോസ് ഇന്ത്യയിലെത്തിയത്. ഇരു നേതാക്കളും തമ്മിലുള്ള ചർച്ചകൾ ഉഭയകക്ഷി സഹകരണം ഗണ്യമായി മെച്ചപ്പെടുത്തുമെന്ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ വ്യക്തമാക്കി.**വിശദാംശങ്ങളിലേയ്ക്ക്......**

(വോയ്സ്)

വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, സമുദ്ര സഹകരണം, കൃഷി, ആരോഗ്യ സംരക്ഷണം, ഔഷധനിർമ്മാണം, ഡിജിറ്റൽ സാങ്കേതികവിദ്യകൾ എന്നീ മേഖലകൾ കേന്ദ്രീകരിച്ചാവും ഉഭയകക്ഷി ചർച്ചകൾ നടക്കുക. പ്രതിനിധിതല ചർച്ചകൾക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസിന്റെയും സാന്നിധ്യത്തിൽ വിവിധ മേഖലകളിലെ ധാരണാപത്രങ്ങളിൽ ഒപ്പുവെക്കും. 2023-24 സാമ്പത്തിക വർഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി

വ്യാപാരം 3.5 ബില്യൺ യുഎസ് ഡോളറായി ഉയർന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണവും സമീപകാലത്ത് കൂടുതൽ വിപുലമായിട്ടുണ്ട്. ഐടി, തുണിത്തരങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, രാസവസ്തുക്കൾ, വാഹന നിർമ്മാണം, കൃഷി തുടങ്ങി വിവിധ മേഖലകളിലെ ഇന്ത്യൻ കമ്പനികളുടെ സാന്നിധ്യം ഫിലിപ്പീൻസിലെ വർദ്ധിച്ചു വരികയാണ്. **ന്യൂസ് ഡസ്ക്, ആകാശവാണി.......**

****************************

## PHIL-IND

ഫിലിപ്പൈൻസ് ശാസ്ത്ര സാങ്കേതിക സെക്രട്ടറി റെനാത്തോ യു. സോളിഡം ജൂനിയർ, കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗുമായി ഇന്നലെ കൂടിക്കാഴ്ച നടത്തി. ശാസ്ത്ര മേഖലയിലെ ഉഭയകക്ഷി ഇടപെടൽ കൂടുതൽ ആഴത്തിലാക്കുന്നത് ലക്ഷ്യമിട്ടായിരുന്നു യോഗം. ജിയോ-സ്പേഷ്യൽ സാങ്കേതികവിദ്യ, ബ്ലൂ എക്കൊണോമി എന്നിവ അതീവ പ്രാധാന്യം അർഹിക്കുന്ന മേഖലകളാണെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ് അഭിപ്രായപ്പെട്ടു. India-ASEAN ശാസ്ത്ര സാങ്കേതിക ചട്ടക്കൂടിലെ ഫിലിപ്പൈന്സിൻറെ സജീവ പങ്കാളിത്തത്തെയും അദ്ദേഹം പ്രകീർത്തിച്ചു.

****************************

## MEA-OIL IMPORTS

റഷ്യയിൽനിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് യുഎസും യൂറോപ്യൻ യൂണിയനും ഇന്ത്യയെ വിമർശിക്കുന്നതിൽ വിശദീകരണവുമായി വിദേശകാര്യമന്ത്രാലയം. ഏതൊരു പ്രധാന സമ്പദ്വ്യവസ്ഥയെയും പോലെ ദേശീയ താത്പര്യങ്ങളും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും ഇന്ത്യ സ്വീകരിക്കുക തന്നെ ചെയ്യുമെന്ന് മന്ത്രാലയം വ്യക്തമാക്കി. റഷ്യ -യുക്രൈൻ യുദ്ധത്തെത്തുടർന്ന് പരമ്പരാഗത ഇറക്കുമതി മാർഗങ്ങൾ തടയപ്പെട്ടതോടെയാണ് റഷ്യയിൽനിന്ന്

എണ്ണ ഇറക്കുമതി ആരംഭിച്ചത്. അമേരിക്ക ഇപ്പോഴും യുറേനിയവും വൈദ്യുതവാഹനങ്ങൾക്കുവേണ്ട ഘടകങ്ങളും പ്രത്യേക രാസവസ്തുക്കളും വളങ്ങളും റഷ്യയിൽനിന്ന് വാങ്ങുന്നുണ്ട്. യൂറോപ്പ്-റഷ്യ വ്യാപാരത്തിൽ ഊർജ്ജം മാത്രമല്ല, വളങ്ങൾ, ഖനന ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ, ഇരുമ്പും ഉരുക്കും, യന്ത്രസാമഗ്രികളും ഗതാഗത ഉപകരണങ്ങളും ഉൾപ്പെടുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയെ കുറ്റപ്പെടുത്തുന്നത് നീതീകരിക്കാനാകില്ലെന്ന് മന്ത്രാലയം പറഞ്ഞു.

******************************

## INDIA - AVIATION MARKET

പ്രതിവർഷം 24.1 കോടി യാത്രികർ ഉപയോഗിക്കുന്ന , ലോകത്തിലെ ഏറ്റവും വലിയ അഞ്ചാമത്തെ വ്യോമയാന വിപണിയായി മാറി ഇന്ത്യ. മുംബൈ-ഡൽഹി പാത 2024 ലെ ഏറ്റവും തിരക്കുപിടിച്ച വ്യോമയാനപാതകളിൽ ഒന്നാണെന്നും International Airport Transport Association അറിയിച്ചു. 2024 ൽ 59 ലക്ഷം യാത്രക്കാരാണ് ഈ പാത ഉപയോഗപ്പെടുത്തിയത്. 2024 ലെ ലോക വ്യോമയാത്ര കണക്കുവിവരങ്ങളുടെ ഏറ്റവും പുതിയ പതിപ്പിലാണ് ഈ കണ്ടെത്തൽ. മുൻവർഷത്തെ അപേക്ഷിച്ചു 2024 ൽ 11.1 ശതമാനം യാത്രക്കാരുടെ വർധനവാണ് രാജ്യത്ത് ഉണ്ടായത്.

******************************

## BIMSTEC MUSIC FEST-JAISHANKAR (INTRO)

ഓരോ രാജ്യങ്ങളുടെയും പൈതൃകവും സ്വത്വവും പ്രകടിപ്പിക്കുന്നതിനുള്ള ഉപാധിയാണ് സംഗീതമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. സംഗീതം സമൂഹത്തിന്റെ ആത്മാവാണെന്നും രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പാലമായി വർത്തിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രഥമ ബിംസ്റ്റെക്

പരമ്പരാഗത-സംഗീതോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ്)

ഇന്ത്യയ്ക്ക് പുറമെ ബിംസ്ടെക് രാജ്യങ്ങളായ ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്ലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിഭകൾ സംഗീത സായാഹ്നത്തിൽ കലാവിരുന്നൊരുക്കാൻ എത്തിയിരുന്നു.

*****************************

## PM - KARTHAVYA BHAVAB

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിലെ കർത്തവ്യ ഭവന്റെ ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് കർത്തവ്യപഥിൽ നടക്കുന്ന പൊതുപരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ആധുനികവും കാര്യക്ഷമവും പൗര കേന്ദ്രീകൃതവുമായ ഭരണം എന്നത് ലക്ഷ്യമിട്ട്, സെൻട്രൽ വിസ്റ്റയുടെ വിശാലമായ പരിവർത്തനത്തിന്റെ ഭാഗമായാണ് കർത്തവ്യ ഭവൻ ഉദ്ഘാടനത്തിനൊരുങ്ങുന്നത്.

*****************************

## PMMVY-REGISTRATION EXTEND

പ്രധാനമന്ത്രി മാതൃ വന്ദന യോജനയുടെ പ്രത്യേക രജിസ്ട്രേഷൻ ഈ മാസം 15 വരെ നീട്ടിയതായി വനിതാ ശിശു വികസന മന്ത്രാലയം. അംഗൻവാടി, ആശാ പ്രവർത്തകർ എന്നിവർ നയിക്കുന്ന വീടുതോറുമുള്ള ബോധവൽക്കരണ പരിപാടിയിലൂടെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ സമയബന്ധിതമായ രെജിസ്ട്രേഷൻ ഉറപ്പാക്കുകയാണ് ലക്ഷ്യം.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************

## NDA MEETING

NDA പാർലമെന്ററി പാർട്ടി യോഗം ഇന്ന് രാവിലെ ന്യൂഡൽഹിയിൽ നടക്കും. ഇരു സഭകളിലെയും NDA അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി യോഗത്തെ അഭിസംബോധന ചെയ്യും. ബീഹാർ വോട്ടർ പട്ടിക പരിഷ്കരണ നടപടികളിൽ ചർച്ച വേണമെന്നാവശ്യപ്പെട്ടു പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധം തുടരുന്നതിനിടെയാണ് ഈ നീക്കം.

******************************

## PARLIAMENT

ലോക്സഭയിൽ ഇന്നലെയും പ്രതിപക്ഷ പ്രതിഷേധം. ഇന്നലെ ഉച്ചകഴിഞ്ഞു സഭ വീണ്ടും സമ്മേളിച്ചപ്പോൾ, പ്രതിപക്ഷ അംഗങ്ങളുടെ നിലപാടിൽ പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു അതൃപ്തി രേഖപ്പെടുത്തി. ദേശീയ സ്പോർട്സ് ഗവേർണൻസ് ബിൽ 2025, ദേശീയ ആൻറി-ഡോപ്പിംഗ് ഭേദഗതി ബിൽ 2025 എന്നിവയിൽ ചർച്ച നടത്താൻ നേരത്തെ തന്നെ ധാരണ ആയിരുന്നതായി അദ്ദേഹം അറിയിച്ചു. അന്തരിച്ച മുൻ ജാർഖണ്ഡ് മുഖ്യമന്ത്രിയും നിലവിലെ എംപിയുമായ ഷിബു സോറനു ഇന്നലെ രാജ്യസഭാ ആദരാഞ്ജലികൾ അർപ്പിച്ചു. ഗോത്രവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിസ്തുല സേവനം കാഴ്ചവച്ച നേതാവായിരുന്നു അദ്ദേഹമെന്ന് രാജ്യസഭാ ഉപ അധ്യക്ഷൻ ഹരിവൻഷ് പറഞ്ഞു.

******************************

## KIREN RIJIJU–RAHUL GANDHI

ചൈന ഇന്ത്യൻ ഭൂപ്രദേശം കയ്യേറിയെന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ പരാമർശത്തെ വിമർശിച്ച് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. അടിസ്ഥാനരഹിതമായ അവകാശവാദത്തിനെതിരെ നൽകിയ മാനനഷ്ടക്കേസിൽ സുപ്രീം കോടതി ശ്രീ രാഹുൽ ഗാന്ധിക്കെതിരായ ശക്തമായ നിരീക്ഷണങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവേ, ശ്രീ റിജിജു വ്യക്തമാക്കി. സുപ്രീം കോടതിയുടെ നിരീക്ഷണം ഉചിതവും സമയോചിതവുമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

******************************

## RAIN KERALA… (INTRO)

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് അതിതീവ്രമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. **ആകാശവാണി പ്രതിനിധി എം. സ്മിതി നൽകുന്ന റിപ്പോർട്ട്**

(വോയ്സ്)

******************************

## CRICKET

ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റ് പരമ്പര സമനിലയിൽ . ഓവലിൽ നടന്ന അഞ്ചാം മത്സരത്തിൽ ആറ് റൺസിനാണ് ഇംഗ്ലണ്ടിനെ ഇന്ത്യ കീഴടക്കിയത്. ഇതോടെ പരമ്പര സമനിലയിലാക്കാൻ ഇന്ത്യക്ക് കഴിഞ്ഞു. രണ്ടാം ഇന്നിങ്സിൽ അഞ്ച് വിക്കറ്റുകൾ വീഴ്ത്തിയ മുഹമ്മദ് സിറാജിന്റെ ഉജ്വല ബൗളിങ്ങാണ് ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചത്. സിറാജാണ് കളിയിലെ താരം. ഓരോ പന്തും എറിയുന്നത് തനിക്കുവേണ്ടിയല്ലെന്നും രാജ്യത്തിനുവേണ്ടിയാണെന്നും വിജയത്തിൽ നിർണ്ണായക പങ്ക് വഹിച്ച ഇന്ത്യൻ പേസർ മുഹമ്മദ് സിറാജ് പറഞ്ഞു.

(ഹോൾഡ്)

ശുഭ് മാൻ ഗിൽ, ഹാരി ബ്രുക് എന്നിവരെ പരമ്പരയിലെ താരങ്ങളായി തിരഞ്ഞെടുത്തു.

******************************

## SHANAVAS PASSES AWAY

പ്രേംനസീറിന്റെ മകനും നടനുമായ ഷാനവാസ് അന്തരിച്ചു. 71 വയസ്സായിരുന്നു. മലയാളം, തമിഴ് ഭാഷകളിലായി 96 സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. നായക, വില്ലൻ വേഷങ്ങളിൽ തിളങ്ങിയ നടനായിരുന്നു ഷാനവാസ്. വൃക്ക രോഗ ബാധിതനായിരുന്ന അദ്ദേഹത്തെ ഇന്നലെ രാത്രി ഏഴുമണിയോടെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും 12 മണിയോടെ മരിക്കുകയായിരുന്നു.

******************************

## MINISTER VEENA GEORGE

കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ ഒരുക്കുമെന്ന് മന്ത്രി വീണാജോർജ്. കൊല്ലം ആശ്രാമത്തെ ഗവൺമെന്റ് നഴ്സിംഗ് സ്കൂളിലെ പുതിയ സ്കിൽ ലാബ് മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

******************************

## VOTERS LIST

കേരളത്തിൽ തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും ഇനി നാലു ദിവസം കൂടി അവസരം. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തുലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

************************************************************